ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പി.എസ്.സി. മുഖേന നിയമനം ലഭിച്ചവർക്ക് ദോഷകരമാകാത്ത തരത്തിലായിരിക്കും പുനർവിന്യാസം നടത്തുന്നത്.

ലീപ് കേരളാമിഷന്റെ പ്രവർത്തനം താഴെത്തട്ടിലേക്ക് കൊണ്ടുവരുന്നതിന് നടപടി

19 (2021) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലീപ് കേരളാമിഷന്റെ പ്രവർത്തനം താഴെത്തട്ടിലേക്ക് കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) കേരളത്തെ സമ്പൂർണ്ണ സാക്ഷര സംസ്ഥാനമാക്കിമാറ്റുന്നതിന് ഏറെ പങ്കുവഹിച്ച സാക്ഷരതാ പ്രേരക്മാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിരക്ഷരർ, നവസാക്ഷരർ, പൊതു വിദ്യാഭ്യാസം പൂർത്തിയാക്കാത്തവർ എന്നിവരുൾപ്പെടെയുള്ള മുഴുവൻ കേരളീയർക്കും, തുടർവിദ്യാഭ്യാസത്തിനും ആജീവന വിദ്യാഭ്യാസത്തിനും അവബോധവികസനത്തിനും ഉതകുന്ന വിദ്യാഭ്യാസ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന ഒരു ഏജൻസിയാണ് ലീപ് കേരള മിഷൻ. ഇതിന്റെ പ്രവർത്തനം താഴെത്തട്ടിലേക്ക് കൊണ്ടുവരുന്നതിനായി ഗ്രാമപഞ്ചായത്തുകളിൽ ഒന്നു വീതവും മുനിസിപ്പാലിറ്റികളിൽ മൂന്നു വീതവും കോർപ്പറേഷനുകളിൽ 5 വീതവും ലീപ് സെന്ററുകൾ ആരംഭിക്കും.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

സർക്കാർ ഏറ്റെടുത്ത പഞ്ചായത്ത് സ്കൂളുകളിൽ ഡിവിഷൻ ഫാൾ ഉണ്ടായാൽ അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ ലഭിക്കുന്നതിന് നടപടി

20 (2022) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചിരുന്ന പഞ്ചായത്തു സ്കൂളുകൾ സർക്കാർ ഏറ്റെടുത്ത് ഉത്തരവായിട്ടുണ്ടോ ; എങ്കിൽ ഇപ്രകാരം എത്ര സ്കൂളുകളാണ് സർക്കാർ ഏറ്റെടുത്ത് ഉത്തരവായത് ; ഉത്തരവിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly